പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2572 07.10.2016 ൽ മറുപടിയ്ക്ക്

## സ്കൂൾ കുട്ടികൾക്ക് സൗജന്യ യാത്രാ പദ്ധതി

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്. ആർ. ടി. സി. യിൽ സ്കൂൾ കുട്ടികൾക്ക് സൗജന്യ യാത്രാ പദ്ധതി നിലവിൽ ഉണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഉണ്ട്. പ്ലസ് ടു വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. യുടെ ഓർഡിനറി ബസ്സുകളിൽ സൗജന്യയാത്ര അനുവദിച്ചിട്ടുണ്ട്. വിദ്യാർത്ഥി താമസിക്കുന്ന വീടിനടുത്തുള്ള കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 10 രൂപ അടച്ച് കൺസഷൻ ടിക്കറ്റിന്റെ മാതൃകയിലുള്ള സൗജന്യ കാർഡ് സമ്പാദിക്കാവുന്നതാണ്. വിദ്യാർത്ഥികൾ താമസിക്കുന്ന സ്ഥലത്ത് നിന്നും 40 കിലോമീറ്റർ വരെയായി യാത്രാ സൗജന്യം പരിമിതപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | വിദ്യാർത്ഥികൾക്ക് പുതിയതായി എന്തെങ്കിലും യാത്രാ സൗജന്യം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | സ്കൂൾ കുട്ടികളെ സ്കൂളിന്റെ സമീപത്തായി ഇറക്കുന്നതിനും കയറ്റുന്നതിനും വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (സി) | ഭൂരിപക്ഷം സ്കൂളുകൾക്ക് മുന്നിലും പോലീസിന്റെ കൂടി നിർദ്ദേശപ്രകാരം വിദ്യാർത്ഥികളുടെ സൗകര്യത്തിനനുസരിച്ച് കെ.എസ്.ആർ.ടി.സി ബസ് സ്റ്റോപ്പുകൾ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | രാത്രികാലങ്ങളിൽ വനിതാ യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലത്ത് ബസ്സ് നിർത്തണമെന്ന നിർദ്ദേശം കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്നു വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്. 04.11.2014 ലെ സ.ഉ.(പി) 78/2014/ട്രാൻ നമ്പർ ഉത്തരവു പ്രകാരം വൈകിട്ട് 6.30 മുതൽ രാവിലെ 6 മണിവരെ സ്ത്രീകളായ യാത്രക്കാർ ആവശ്യപ്പെടുന്നപക്ഷം വാഹനം നിറുത്തി ഇറങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തണമെന്ന് ഉത്തരവായിട്ടുള്ളതാണ്. ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നതായി പരാതി ലഭിക്കുന്ന വാഹന ജീവനക്കാർക്ക്/ഉടമകൾക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | യാത്രക്കാർക്കു വേണ്ടിയുള്ള ഓൺലൈൻ റിസർവേഷൻ വിജയകരമായില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ? | (ഇ) | ഇല്ല. നവീകരിച്ച ഓൺലൈൻ റിസർവേഷൻ സംവിധാനം ഡിസംബർ 2014 മുതൽ കാര്യക്ഷമമായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. എന്നാൽ 17.09.2016 ൽ ടി സംവിധാനം ഉദ്ദേശം 15.45 മണിക്ക് ചില സാങ്കേതിക കാരണങ്ങളാൽ തകരാറിലാവുകയും 21.45 മണിയോടുകൂടി പരിഹരിക്കുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ